# ഗവ. ടി ടി ഐ കൊല്ലം

# അക്കാദമിക മാസ്റ്റർ പ്ലാൻ
# നാലാംക്ലാസ്

ലക്ഷ്യം: നാലാംക്ലാസ്സിലെവിദ്യാർത്ഥികൾക്ക്ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനംഉറപ്പാക്കുക. ഓരോകുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ്അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയുംപ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കുംസ്വയംപഠനത്തിനുംപ്രാധാന്യം.
- സാമൂഹികവുംപാരിസ്ഥിതികവുമായ അവബോധംവളർത്തൽ.
- സാങ്കേതിക വിദ്യയുടെഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയുംസമൂഹത്തിന്റെയുംപങ്കാളിത്തംഉറപ്പാക്കുക.

| 1. മധുരംമലയാളം(ഭാഷാപഠനം) പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായിപിന്നോക്കം നിൽക്കുന്നവർക്ക്പ്രത്യേക പരിശീലനംനൽകിമുന്നോട്ട്കൊണ്ടുവരൽ. | ലക്ഷ്യംനേടുന്നതുവരെ | SRG, ക്ലാസ്സ്ടീച്ചർ | PTA ഫണ്ട് |

# ഗവ. ടി ടി ഐ കൊല്ലം

## വിദ്യാർത്ഥികളെ കുറിച്ചുള്ള വിവരങ്ങൾ

കൊല്ലം നഗരത്തിന്റെ ഹൃദയഭാഗത്തായ ഈ സ്കൂളിൽ പഠിക്കാൻ എത്തുന്ന കുട്ടികൾ എല്ലാം സമീപപ്രദേശങ്ങളിൽ നിന്നും വരുന്നവരാണ്. എല്ലാ കുട്ടികളും ഇടത്തരത്തിൽ താഴെയുള്ള വീട്ടിലെ കുട്ടികളാണ്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമിലെ കുട്ടികളും ഇവിടെ പഠിക്കാൻ എത്തുന്നു. എൽപി, യുപി വിഭാഗങ്ങളിലായി 72 കുട്ടികൾ മലയാളം, ഇംഗ്ലീഷ്, തമിഴ് മീഡിയങ്ങളിലായി ഇവിടെ പഠിക്കുന്നു. പ്രീ പ്രൈമറി വിഭാഗത്തിൽ 18 കുട്ടികളും ഈ സ്കൂളിൽ അധ്യയനം നടത്തിവരുന്നു.

## അധ്യാപകരെ കുറിച്ചുള്ള വിവരങ്ങൾ

അധ്യാപക വിദ്യാഭ്യാസ കേന്ദ്രം ഉള്ളതിനാൽ പ്രിൻസിപ്പൽ അടക്കം എൽപി മലയാളം വിഭാഗത്തിൽ 4 അധ്യാപകരും, എൽപി തമിഴ് വിഭാഗത്തിൽ രണ്ട് അധ്യാപകരും രണ്ട് താൽക്കാലിക അധ്യാപകരും യുപി മലയാളം വിഭാഗത്തിൽ മൂന്ന് അധ്യാപകരും യുപി തമിഴ് വിഭാഗത്തിൽ മൂന്ന് അധ്യാപകരും കൂടാതെ ഹിന്ദി ലാംഗ്വേജ് ടീച്ചർ സംസ്കൃതം ലാംഗ്വേജ് ടീച്ചർ പ്രവർത്തി പരിചയ പഠനത്തിൽ ഡി.പി.ഐയിൽ നിന്നുള്ള ഒരു വർഷോപ്പ് ഇൻസ്പെക്ടർ. ബി ആർ സി നിയമിച്ച ഒരു പ്രവർത്തിപരിചയ അധ്യാപിക ഡി.എൽ.ഇ.ഡി വിഭാഗത്തിൽ മൂന്ന് ടീച്ചർ എഡ്യൂക്കേറ്റർമാർ ഡി.എൽ.ഇ.ഡി അറബിക് വിഭാഗത്തിൽ 2 ടീച്ചർ എഡ്യൂക്കേറ്റർമാർ, പ്രീ പ്രൈമറി വിഭാഗത്തിൽ ഒരു ടീച്ചർ ഒരു ആയ കൂടാതെ നാല് അനധ്യാപകരും സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു.

- കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല
- ആർജ്ജിക്കേണ്ട കഴിവുകൾ അതാതു ക്ലാസുകളിൽ നേടാൻ കഴിയുന്നില്ല'

# ഗവ. ടി ടി ഐ കൊല്ലം

- സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ യഥാസമയം വേണ്ടുന്ന രീതിയിൽ സ്കൂളിന് പുറത്തുള്ള ലോകത്തേക്ക് എത്തുന്നില്ല.
- നൂതന പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന് സഹായകമായ ഗവേഷണാത്മക രീതികൾ പ്രയോജനപ്പെടുത്തുന്നില്ല.

## ഭൗതികം

- ആകർഷകം അല്ലാത്ത പ്രവേശന കവാടം.
- പൊളിഞ്ഞു കിടക്കുന്ന ചുറ്റുമതിൽ കുട്ടികളുടെ സുരക്ഷിതത്വ ത്തിന് ഭീഷണിയാണ്.
- പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ, കായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള സൗകര്യക്കുറവ്.

- ഭിന്ന നിലവാരക്കാരുടെ പഠന പ്രവർത്തനങ്ങൾക്കും ശാരീരികവും മാനസികവുമായ വികസന പ്രവർത്തനങ്ങൾ ക്കാവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല.
- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ അനുയോജ്യമായ ഇരിപ്പിടസൗകര്യം ഐ.സി.ടി സൗകര്യം എന്നിവയുള്ള ക്ലാസ് മുറികളുടെ അഭാവം.
- ഇംഗ്ലീഷ് ഭാഷ ലാബ് വികസിച്ചിട്ടില്ല.
- നവീകരിച്ച അടുക്കള ഡൈനിങ് റൂം ഗ്രൈൻഡർ ഇലക്ട്രിക് ചിമ്മിനി വാഷിംഗ് ഏരിയയിൽ ഏരിയ ഇവയുടെ അഭാവം.

- വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള ഷെഡ് ഇല്ല.
- നക്ഷത്രവനം, ജൈവവൈവിധ്യ പാർക്ക് ഹാങ്ങിങ് ഗാർഡൻ ഇവയുടെ അഭാവം.
- മഴവെള്ള സംഭരണി മഴക്കുഴി എന്നിവയില്ല
- ഓരോ വരാന്തയിലും, ക്ലാസ് മുറികളിലും കുടിവെള്ള സൗകര്യം ജൈവ അജൈവ ഡസ്റ്റ് ബിൻ ഇവയുടെ അഭാവമുണ്ട്. വേസ്റ്റ് മാനേജ്മെന്റിന്റെ അഭാവം.

- ബയോഗ്യാസ് പ്ലാൻറ് ഇല്ല.
- കറണ്ട് ഇല്ലാത്ത സമയത്ത് ലാബുകൾ ഓഫീസുകൾ എന്നിവ പ്രവർത്തിപ്പിക്കാനുള്ള ഇൻവർട്ടറുകളുടെ അഭാവം.
- ഹിന്ദി സംസ്കൃതം അറബിക് തമിഴ് വിഷയങ്ങൾക്കായി അനുയോജ്യമായ ഒരു ലൈബ്രറി ഇല്ല.
- ഓരോ കെട്ടിടത്തിനും റാംബാൻ റെയിൽ ഇല്ല
- സാമൂഹ്യശാസ്ത്ര ലാബ് ജ്യോതിശാസ്ത്ര ലാബ് ആർട്ട് ഗ്യാലറി പെയിൻറിങ് സ്റ്റുഡിയോ ഡിജിറ്റൽ തിയേറ്റർ ഇവയൊന്നുമില്ല.

## സാമൂഹികം

- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിലെ എല്ലാ മേഖലകളിലും എത്തിക്കാൻ ആവശ്യമായ ഇടപെടലുകൾ വേണ്ടവണ്ണം നടക്കുന്നില്ല.
- നവമാധ്യമങ്ങൾ വേണ്ടുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.
- വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ നിരവധി ആവശ്യങ്ങൾ നിറവേറ്റുന്നതിനും, അത് പരിഹരിക്കുന്നതിനും സമൂഹത്തിൻറെ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- മാനുഷിക മൂല്യങ്ങൾ വേണ്ടുന്ന തരത്തിൽ വികസിക്കുന്നില്ല.

5. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
6. എസ്.ആർ.ജി കൺവീനറുടെ നേതൃത്വത്തിൽ സ്കൂളിലെ അധ്യാപക അനധ്യാപക യോഗത്തിൽ കരട് അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരിപ്പിച്ചു മെച്ചപ്പെടുത്തൽ.
7. അക്കാദമിക മാസ്റ്റർ പ്ലാൻ 2025 ജൂൺ 30ന് തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ, അധ്യാപക രക്ഷകർത്താവ് സമിതി, പൂർവ്വ വിദ്യാർത്ഥികൾ, എസ് എം സി വിദ്യാഭ്യാസ തൽപര്യ നാട്ടുകാർ എന്നിവർക്കും മുന്നിൽ അവതരിപ്പിക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|

# ഗവ. ടി ടി ഐ കൊല്ലം

| | | |
|---|---|---|
| അടിസ്ഥാനശേഷി വികസനം<br>ഭാഷാശേഷി വികസനം ഇംഗ്ലീഷ്<br>പഠന പരിപോഷണം<br>ഗണിതശേഷി വികസനം<br>ലൈബ്രറി ശക്തികരണം വായന<br>പരിപോഷണം പഠനയാത്രകൾ<br>സെമിനാറുകൾ<br>ഐടി പരിശീലനം, ലാബ്<br>ആധുനികവൽക്കരിക്കാൻ<br>അധ്യാപക ശാക്തീകരണം സി പി<br>ടി എ സജീവമാക്കൽ<br>പ്രവർത്തിപരിചയ പഠനം രചനാ<br>ശില്പശാല<br>മെഡിക്കൽ ക്യാമ്പ്<br>ഭാഷ ലാബുകൾ ദിനാചരണങ്ങൾ<br>പ്രീ ടെസ്റ്റ്, നാടക കളരി<br>അഭിമുഖങ്ങൾ, സ്കൂൾ മേളകൾ<br>ഷോർട്ട് ഫിലിം<br>സംയുക്ത ഡയറി<br>പാട്ടരങ്ങ് | പുതിയ സ്കൂൾ കെട്ടിടം ചുറ്റുമതിൽ<br>ഗേറ്റ് ബോർഡ് സ്ഥാപിക്കൽ യാത്രാ<br>വാഹനങ്ങൾ മൾട്ടി മീഡിയ ക്ലാസ്<br>റൂം കുടിവെള്ള വിതരണം<br>ബയോഗ്യാസ് പ്ലാൻറ് സോളാർ<br>പാനൽ സ്ഥാപിക്കൽ<br>പുതിയ അടുക്കളയും ഡൈനിങ്<br>ഹാളും മാലിന്യ സംസ്കരണം<br>വിശ്രമമുറി കൗൺസിലിംഗ്<br>പ്രവർത്തി പഠന വർഷോപ്പ്<br>ഡിജിറ്റൽ തീയേറ്റർ<br>ലൈബ്രറി പച്ചക്കറിത്തോട്ടം<br>ജൈവവൈവിധ്യ പാർക്ക്<br>മഴക്കുഴി<br>മഴവെള്ള സംഭരണി പൂന്തോട്ടം | പി ടി എ ശക്തിപ്പെടുത്തൽ<br>എസ് എം സി കാര്യക്ഷമമാക്കൽ<br>പൂർവ്വ വിദ്യാർത്ഥി സംഘടന<br>വിദ്യാലയ വികസന സമിതി<br>ക്ലബ്ബുകൾ<br>സന്നദ്ധ സംഘടനകൾ<br>സഹകരണ സ്ഥാപനങ്ങൾ പൂർവ്വ<br>അധ്യാപകർ എന്നിവരുടെ<br>സേവനം ഉപയോഗപ്പെടുത്തൽ.<br>വിദ്യാലയം മികവുകൾ<br>പൊതുജനങ്ങളിലേക്ക്<br>എത്തിക്കൽ.<br>പ്രാദേശിക പി ടി എ ഭവന<br>സന്ദർശനം രക്ഷിതാക്കൾക്കായി<br>തൊഴിൽ പരിശീലനം |

സംഗീതം നൃത്തം ചിത്രരചന നാടകം എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് കുട്ടികളുടെ ഇത്തരം മേഖലകളിൽ ഉള്ള കഴിവുകൾ തിരിച്ചറിയാനും പുഷ്ടിപ്പെടുത്താനും കഴിയേണ്ടതുണ്ട്.

## നേട്ടങ്ങൾ

2024-25 അധ്യായന വർഷം കൊല്ലം ഉപജില്ല കലോത്സവത്തിലും സംസ്കൃത ഉത്സവത്തിലും യുപി തലത്തിലും കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിച്ചു മികച്ച ഗ്രേഡുകൾ നേടാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു.

## പരിമിതികൾ

# ഗവ. ടി ടി ഐ കൊല്ലം

- സ്ഥിരം അധ്യാപകരില്ലാത്തത് വലിയൊരു പ്രശ്നമാണ് താൽക്കാലിക അധ്യാപകർക്ക് ആഴ്ചയിൽ രണ്ടുദിവസം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.
- പരിശീലനം നടത്താനുള്ള സ്ഥല പരിമിതി.
- രക്ഷകർത്താക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ.

## പരിഹാരബോധനം

- സമയം കൂടുതൽ കണ്ടെത്തൽ.
- ആർട്സ് ക്ലബ്ബ് രൂപീകരണം.
- കലാപഠനം ഐസിടി അധിഷ്ഠിതമാക്കുക.
- കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകൾ കണ്ടെത്തി അവതരിപ്പി ക്കുവാനുള്ള അവസരം കണ്ടെത്തൽ.

## ആരോഗ്യ കായിക വിദ്യാഭ്യാസം

കുട്ടികളുടെ ആരോഗ്യ കായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായിപോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക എന്നതാണ് ആരോഗ്യകായിക വിദ്യാഭ്യാസം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് ചിട്ടയായ വ്യായാമങ്ങളും നൂതന സാങ്കേതികവിദ്യയിലെ മാറ്റങ്ങളും പുതുതലമുറയ്ക്ക് കായികരംഗത്ത് കൂടുതൽ പ്രചോദനവും ഊന്നലും നൽകുന്നു കുട്ടികൾക്ക് പഠനത്തോടൊപ്പം അവരുടെ കായിക മികവ് പ്രകടിപ്പിക്കാനുള്ള ഒരു മേഖലയാണ് ആരോഗ്യ കായിക വിദ്യാഭ്യാസം എന്നത് പ്രാധാന്യം അർഹിക്കുന്നു.2025-26 കാലഘട്ടത്തിൽ സൂമ്പ ഡാൻസും കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## നേട്ടങ്ങൾ

# ഗവ. ടി ടി ഐ കൊല്ലം

2024 25 വർഷം കൊല്ലം ഉപജില്ല കായികം മത്സരത്തിൽ കിഡ്സ്, സബ് ജൂനിയർ ജൂനിയർ എന്നീ വിഭാഗങ്ങളിൽ കുട്ടികളെ മത്സരിപ്പിച്ച ഇതിൽ എല്ലാം മികച്ച വിജയം നേടാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു.

## പരിമിതികൾ

- സ്ഥിര അധ്യാപകർ ഇല്ലാത്തത് വലിയൊരു പ്രശ്നമാണ് താൽക്കാലിക അധ്യാപകർക്ക് ആഴ്ചയിൽ രണ്ടുദിവസം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.
- ഒരു കായിക അധ്യാപകന്റെ സേവനം ഈ സ്കൂളിന് വളരെ ആവശ്യമാണ്.
- കുട്ടികൾക്ക് ചിട്ടയായ പരിശീലനം നടത്താൻ ആവശ്യമായ കളിസ്ഥലം ഉണ്ട് എങ്കിലും കായിക അധ്യാപകൻ ഇല്ലാത്തത് വലിയ ഒരു പരിമിതി തന്നെയാണ്.
- പഠനത്തിന് മുൻതൂക്കം നൽകുന്ന രക്ഷിതാക്കൾ.

## പ്രവർത്തി പഠനം

അനുഭവങ്ങളാണ് എല്ലാ അറിവിൻറെയും സ്രോതസ്സ് അറിവിനെ പ്രയോഗ തലവുമായി ബന്ധപ്പെടുത്തുമ്പോഴാണ് ഗുണമേന്മ അർത്ഥവത്താകുന്നത് ഒരൊറ്റ വിഷയം എന്ന പുറംചട്ടയിൽ നിന്നും എല്ലാ വിഷയങ്ങളുടെയും അനുഭവതലങ്ങൾ സാധ്യമാക്കാൻ കഴിയുന്ന ഒരു പഠനബോധന തന്ത്രമായി പ്രവർത്തിപഠനം മാറിക്കൊണ്ടിരിക്കുന്നു.

## നേട്ടങ്ങൾ

തൊഴിൽ സാധ്യതയും പണസമ്പാദനവും ലക്ഷ്യം വെച്ചുകൊണ്ട് പഠനം നടത്തുന്നവരാണ് പുതുതലമുറയിലെ കുട്ടികൾ ക്ലാസ് മുറികൾ പ്രവർത്തി പഠന പ്രവർത്തനങ്ങൾ സമ്പന്നമാകുമ്പോൾ പുതുതലമുറയ്ക്ക് തൊഴിലിനോട് ആഭിമുഖ്യവും തൊഴിൽ ചെയ്യുന്നവരോട് ആദരവും ഉണ്ടാകും ഒരു പുതു തൊഴിൽ സംസ്കാരം ഉണ്ടാകും തൊഴിലിന്റെ പുതുവാതകനങ്ങൾ തുറക്കപ്പെടും എല്ലാത്തിനും ഉപരി പഠനം വിരസതറ്റി പഠന പ്രവർത്തനങ്ങൾ രസകരവും ആയാസരഹിതവുമായി മാറും.

# ഗവ. ടി ടി ഐ കൊല്ലം

2024 അധ്യായന വർഷത്തിൽ കൊല്ലം ഉപജില്ല പ്രവർത്തിച്ച മേഖലയിൽ സ്കൂളിൽ നിന്നും എൽപി യുപി വിഭാഗങ്ങളിലായി പ്രവർത്തി പരിചയം മേളയിൽ പങ്കെടുത്ത മികച്ച വിജയം നേടാൻ ഗവൺമെൻറ് ടി ടി ഐ യിലെ കുട്ടികൾക്ക് കഴിഞ്ഞു.

| | | | | |
|---|---|---|---|---|
| | സാധ്യതകൾ<br>കുട്ടികൾക്ക്<br>മനസ്സിലാക്കുന്നു | | | |

പേര് : കോൺഫറൻസ്

മേഖല /ഉപമേഖല : അക്കാദമിക പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തി പഠന<br>കോൺഫറൻസ്<br>സംഘടിപ്പിക്കുക | പ്രവർത്തനങ്ങൾ സ്കൂളിൽ<br>പ്രവർത്തി പഠനവുമായി<br>ബന്ധപ്പെട്ട ചർച്ച ചെയ്യുന്നു.<br>പോരായ്മകൾ<br>കണ്ടെത്തുന്നു<br>വിലയിരുത്തുന്നു നല്ലതിനെ<br>പ്രോത്സാഹിപ്പിക്കുന്നു<br>അംഗീകരിക്കുന്നു. അടുത്ത<br>വർഷത്തേക്കുള്ള<br>പ്രവർത്തനങ്ങൾ<br>അംഗീകരിക്കുന്നു | മാർച്ച് | പ്രിൻസിപ്പാൾ പിടിഎ<br>പ്രവർത്തിപരിചയ<br>അധ്യാപകൻ | ഇല്ല |

## ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

# ഗവ. ടി ടി ഐ കൊല്ലം

| നമ്പർ | പദ്ധതി നിർദ്ദേശങ്ങൾ | കാലാവധി | 26 സാമ്പത്തികം |
|---|---|---|---|
| 1 | <u>പുതിയ കെട്ടിടം പണിയൽ</u><br>25 ക്ലാസ് മുറികളും ഓഫീസ് റൂമും ഓഡിറ്റോറിയവും ഐടി സയൻസ് ലാബും ലൈബ്രറിയും വായനാ മുറിയും ഇൻഡോർ സ്റ്റേഡിയവും സ്വിമ്മിങ് പൂളും സിക്ക റൂമും വിശ്രമമുറിയും കൗൺസലിംഗ് റൂമും സ്റ്റോർ റൂമും ഓപ്പൺ എയർ ഓഡിറ്റോറിയവും സ്റ്റേജും അടങ്ങുന്ന ആധുനിക സജ്ജീകരണ ങ്ങളോടുകൂടിയ പുതിയ കെട്ടിടം.. | ജൂൺ 2026 | 10 കോടി |
| 2 | ആകർഷകമായ ആർച്ചോട് കൂടിയ ഗേറ്റ് ബോർഡ് സ്ഥാപിക്കൽ | നവംബർ 2025 | 8 ലക്ഷം |
| 3 | ചുറ്റുമതിൽ നിർമ്മാണം. | നവംബർ 2025 | 10ലക്ഷം |
| 4 | പ്രവേശന കവാടം മുതൽ ക്ലാസ് മുറികൾ വരെ നടപ്പാത ഓട് പാകിയ മുറ്റം. | നവംബർ 2025 | 5 ലക്ഷം |
| 5 | സ്കൂൾ കെട്ടിടവും ക്ലാസ് മുറികളും ചുറ്റുമതിലും പെയിന്റ് ചെയ്ത് മഹത് വചനങ്ങളും ആകർഷകമായ ചിത്രങ്ങളും വരയ്ക്കുക. | ഓഗസ്റ്റ് 2025 | 25000 |
| 6 | സ്കൂൾ അങ്കണത്തിൽ ജൈവ വൈവിധ്യ പാർക്ക്, പച്ചക്കറി ത്തോട്ടം, പൂന്തോട്ടം, ഹാങ്ങിങ് ഗാർഡൻ, വൃക്ഷങ്ങൾക്ക് ലേബൽ ചെയ്ത് പരിപാലിക്കൽ. | ഓഗസ്റ്റ് 2025 | 10000 |
| 7 | അധ്യാപകർക്കും കുട്ടികൾക്കുമായി റീഡിങ് റൂം. ആധുനിക സൗകര്യങ്ങളോടുകൂടിയ സയൻസ്, ഐടി ലാബുകൾ | നവംബർ 2025 | 500000 |
| 8 | അത്യാധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയും, ഫർണിച്ചറലോടുകൂടിയ ഭോജനശാലയും | ജനുവരി 2026 | 1000000 |
| 9 | പ്രവർത്തി പരിചയ പരിശീലന ത്തിനായി 1000 ചതുരശ്രയ അടി വിസ്തീർണമുള്ള | നവംബർ 2025 | 1500000 |

# ഗവ. ടി ടി ഐ കൊല്ലം

| | | | |
|---|---|---|---|
| | ആധുനിക സൗകര്യങ്ങൾ അടങ്ങിയ വർക്ക്ഷോപ്പ്. | | |
| 10 | കുടിവെള്ളം സംഭരിക്ക ന്നതിനായി ടാങ്ക് മഴവെള്ള സംഭരണി, മഴക്കുഴി. | ഓഗസ്റ്റ് 2025 | 25000 |
| 11 | അധ്യാപകരുടെയും, കുട്ടികളുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി വാഹന ഷെഡ് നിർമ്മാണം. | സെപ്റ്റംബർ 2025 | 300000 |
| 12 | വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം വരാന്തകളിലും ക്ലാസ് മുറികളിലും വെസ്റ്റ് ബിൻ ജൈവം അജൈവം വേർതിരിച്ച് സ്ഥാപിക്കൽ. | ജൂലൈ 2025 | 5000 |
| 13 | ക്ലാസ് മുറികളിലും വരാന്തകളിലും കുടിവെള്ളം സജ്ജമകൾ. | ജൂലൈ 2025 | 3000 |
| 14 | ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ. | സെപ്റ്റംബർ 2025 | 150000 |
| 15 | സോളാർ പാനലും ഇൻവർട്ടറും സ്ഥാപിക്കൽ | നവംബർ 2026 | 800000 |
| 16 | കെട്ടിടത്തിൽ ലിഫ്റ്റ് റാം ആൻഡ് റെയിൽ | ജനുവരി 2026 | 1000000 |
| 17 | ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം | നവംബർ 2026 | 100000 |
| 18 | സാമൂഹ്യശാസ്ത്ര ജ്യോതിശാസ്ത്ര ലാബ് സജ്ജീകരണം | ഓഗസ്റ്റ് 2025 | 250000 |
| 19 | കലാ പഠനത്തിനായി ആർട്ട് ഗ്യാലറി ഡിജിറ്റൽ തീയേറ്റർ പെയിൻറിംഗ് സ്റ്റുഡിയോ | സെപ്റ്റംബർ 2025 | 1500000 |
| 20 | സ്കൂൾ ബസ് | ഓഗസ്റ്റ് 2025 | 1000000 |
| 21 | സ്കൂൾ ക്യാമ്പസിൽ സൗജന്യ വൈഫൈ സൗകര്യം | ഓഗസ്റ്റ് 2025 | 25000 |

## സാമൂഹിക ബന്ധം മെച്ചപ്പെടുത്തൽ

- പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ.
- പൂർവാധ്യാപക സംഗമങ്ങൾ.
- അംഗനവാടി കലോത്സവം.
- പിടിഎ കോർണറുകൾ.

# ഗവ. ടി ടി ഐ കൊല്ലം

- പഠനക്കൂട്ടങ്ങൾ.
- രക്ഷിതാക്കൾക്ക് തൊഴിൽ പരിശീലനം.
- പുസ്തക സമാഹരണം.
- കുട്ടികളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കൽ.

## പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികൾക്ക് അവകാശപ്പെട്ട ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നു.
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടി മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.